(iv) ഇസ്ലാമിക ലോകം ഇന്ന്

ലോകത്തിലെ ഏതാണ്ടെല്ലാ രാജ്യങ്ങളിലും ഇന്ന് മുസ്‌ലിം പൗരന്മാരുണ്ട്. മൊത്തം മുസ്‌ലിം ജനസംഖ്യ 120 കോടിയിൽ കവിയുമെന്നാണ് കണക്ക്. മുസ്‌ലിം ജനസംഖ്യ 50 ശതമാനത്തിൽ കൂടുതലുള്ള 60-ഓളം രാജ്യങ്ങളുണ്ട്. അവയിൽ മിക്ക രാജ്യങ്ങളും ഇസ്ലാമിനെ ഔദ്യോഗിക മതമായി അംഗീകരിച്ചവയാണ്. അവയുടെ പേരുവിവരം ചുവടെ:

അഫ്ഗാനിസ്താൻ, അൽജീരിയ, അൽബേനിയ, ആദർബൈജാൻ, ഇന്തോനേഷ്യ, ഇറാഖ്, ഇറാൻ, ഈജിപ്ത്, എത്യോപ്യ, ഉസ്ബകിസ്താൻ, ഐവറികോസ്റ്റ്, ഉമാൻ, കാമറൂൺ, കിർഗിസ്താൻ, കുവൈത്, കൊമൊറൊസ്, ഖത്വർ, ഖസാകിസ്താൻ, ഗാംബിയ, ഗിനിയ, ഗിനിയ ബിസ്സാ, ചാഡ്, ജിബൂട്ടി, ജോർദാൻ, താജികിസ്താൻ, തുർകുമാനിസ്താൻ, നൈജർ, നൈജീരിയ, പാകിസ്താൻ, ബഹ്റൈൻ, ബംഗ്ലാദേശ്, ബെനിൻ (ദഹോമി), ബുർകിനോ ഫാസോ (അപ്പർ വോൾട്ട), ബോസ്നിയ ഹെർസഗോവിന, ബ്രൂണെ, ഫിലസ്ത്വീൻ, മലാവി, മലേഷ്യ, മാലി, മാലിദ്വീപ്, മൗറിത്താനിയ, മൊറോക്കോ, മൊസാംബിക്, യമൻ, ലബ്നാൻ, ലിബിയ, സിറാലിയോൺ, സിറിയ, സുഡാൻ, സുഊദി അറേബ്യ, സെനിഗൽ, സോമാലിയ.

കമ്യൂണിസ്റ്റ് ചൈനയാണ് 82 ശതമാനം മുസ്‌ലിം ജനസംഖ്യയുള്ള സിക്കിയാങ് ഭരിക്കുന്നത്. ഫിലസ്ത്വീന്റെ നല്ലൊരു ഭാഗം ജൂതൻമാർ കൈയടക്കിവച്ചിരിക്കുകയാണ്. സാമ്രാജ്യ ശക്തികൾക്ക് വിധേയമായ വേറെയും മുസ്‌ലിം പ്രദേശങ്ങളുണ്ട്.

ആധുനിക ലോകത്തിന്റെ ജീവൽ പ്രധാനമായ ഊർജം പെട്രോളിയമാണ്. ഇസ്ലാമിക രാജ്യങ്ങളിൽ പലതും എണ്ണസമ്പന്നമാണ്. ആഗോള ഊർജ വിതരണത്തിൽ വിപുലമായ പങ്കാണ് അറബി മുസ്‌ലിം നാടുകൾക്കുള്ളത്. ഇത് ആഗോള തലത്തിൽ മുസ്‌ലിം രാഷ്ട്രങ്ങൾക്ക് വമ്പിച്ച പ്രാധാന്യം നേടിക്കൊടുത്തിട്ടുണ്ട്. ഐക്യരാഷ്ട്ര സഭയിൽ മുസ്‌ലിം രാജ്യങ്ങൾക്ക് മാത്രം 50-ൽപരം അംഗത്വമുണ്ടെന്നതും ശ്രദ്ധേയമാണ്.

അറബ് ലീഗ്, ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കോൺഫറൻസ്, മുസ്‌ലിം വേൾഡ് ലീഗ് എന്നിങ്ങനെ അനേകം അന്താരാഷ്ട്ര വേദികൾ മുസ്‌ലിം രാജ്യങ്ങൾ രൂപീകരിച്ചിട്ടുണ്ട്. പരസ്പരം കൂടിയിരിക്കാനും അന്താരാഷ്ട്ര സംഭവവികാസങ്ങളിലും ആഭ്യന്തര പ്രശ്നങ്ങളിലും അഭിപ്രായം ഏകീകരിക്കാനും ഈ വേദികൾ സഹായിക്കുന്നു. ഇതെല്ലാമുണ്ടായിട്ടും ഫിലസ്ത്വീൻ പ്രശ്നം, ഇറാൻ-ഇറാഖ് യുദ്ധം, ഇറാഖ്-കുവൈത് യുദ്ധം, അമേരിക്കയുടെ ഇറാഖ് നശീകരണം, മധ്യേഷ്യൻ റിപ്പബ്ലിക്കുകളിൽ റഷ്യ നടത്തുന്ന അക്രമതാണ്ഡവം മുതലായ പല പ്രശ്നങ്ങളിലും ഫലപ്രദമായി എന്തെങ്കിലും ചെയ്യാൻ സാധിക്കുന്നില്ല എന്നത് മറ്റൊരു വസ്തുതയാണ്. മുസ്‌ലിം രാജ്യങ്ങളുടെ പൊതുവായ പിന്നോക്കാവസ്ഥയാണ് ഈ നിസ്സഹായതക്ക് പ്രധാന കാരണം.

എണ്ണ സമ്പന്നമല്ലാത്ത മിക്ക മുസ്‌ലിം രാജ്യങ്ങളും ദാരിദ്ര്യത്തിന്റെ പിടിയിലാണ്. വിദ്യാഭ്യാസത്തിലും ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലും അവർ ഏറെ പിന്നിലുമാണ്. അതിനാൽ, മിക്ക കാര്യങ്ങളിലും മുസ്‌ലിം രാജ്യങ്ങൾക്ക് യൂറോപ്പ്, അമേരിക്ക, ജപ്പാൻ തുടങ്ങിയ വൻകിട രാഷ്ട്രങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയാണുള്ളത്. ഇസ്ലാമിക് ഡവലപ്മെന്റ് ബാങ്ക് പോലുള്ള അന്താരാഷ്ട്ര ഇസ്ലാമിക ധനകാര്യ സ്ഥാപനങ്ങളുടെ ഉദയം ഈ രംഗത്ത് ശുഭ പ്രതീക്ഷക്ക് വക നല്കുന്നുണ്ട്. മുസ്‌ലിം രാജ്യങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥക്ക് പരിഹാരം കാണുന്നതിനും വിവിധ മുസ്‌ലിം രാജ്യങ്ങൾക്കിടയിലെ സാമ്പത്തിക അസമത്വങ്ങൾ ദൂരീകരിക്കുന്നതിനും അവ വിലപ്പെട്ട സേവനങ്ങൾ ചെയ്തുവരുന്നു.

മുസ്‌ലിം ഭൂരിപക്ഷ രാജ്യങ്ങളിലെ അവസ്ഥയാണ് മുകളിൽ സൂചിപ്പിച്ചത്. മുസ്‌ലിംകൾ പ്രബല ന്യൂനപക്ഷമായ അനേകം രാജ്യങ്ങളുണ്ട്. അവിടങ്ങളിലെ ഇസ്ലാമിക സമൂഹങ്ങളും നിരവധി പ്രതിസന്ധികൾക്ക് നടുവിലാണ്.

ഇസ്ലാമിക ലോകം അഭിമുഖീകരിക്കുന്ന ഇത്തരം പ്രതിസന്ധികൾക്ക് ചരിത്രപരമായ ഒട്ടേറെ കാരണങ്ങളുണ്ട്.

പ്രവാചകന്റെയും ഖുലഫാഉർറാശിദുകളുടെയും കാലത്തായിരുന്നു മുസ്‌ലിംകൾ ഏറ്റവും പുരോഗമനോന്മുഖവും ഭദ്രവും മാതൃകാപരവുമായ സമുദായമായിരുന്നത്. ഖുലഫാഉർറാശിദുകൾക്കുശേഷം ഖിലാഫതു വ്യവസ്ഥിതി രാജാധിപത്യത്തിലേക്ക് വഴിമാറിയതായിരുന്നു ആദ്യത്തെ വ്യതിയാനം. എങ്കിലും ഇസ്ലാമിന്റെ നാഗരിക- സാംസ്കാരിക വളർച്ച അതിനുശേഷവും അനുസ്യൂതം തുടർന്നു പോന്നു.

അബ്ബാസീ വംശം ക്ഷയോന്മുഖമായതോടെ സമൂഹത്തിൽ വ്യാപകമായി ജീർണത പടർന്നു. താതാരികളുടെ ആക്രമണവും കുരിശുയുദ്ധങ്ങളും മുസ്‌ലിംലോകത്തിന്റെ വൈജ്ഞാനിക പ്രവർത്തനങ്ങളെ ആകെ താറുമാറാക്കി. വൈജ്ഞാനിക രംഗത്ത് മുന്നോട്ടു പോകുന്നതിന് പകരം പിന്നോട്ടു നടക്കാനാണ് പില്ക്കാല പണ്ഡിതന്മാർ ഇഷ്ടപ്പെട്ടത്. ശാസ്ത്ര സാങ്കേതിക വിജ്ഞാനങ്ങളെ അവർ അപ്രസക്തവും അനാവശ്യവുമായ വിജ്ഞാന ശാഖകളായി അവഗണിച്ചു. ശരീഅതു വിജ്ഞാനീയത്തിൽ തന്നെ പുതിയ പഠനങ്ങളും ഗവേഷണങ്ങളും നിരോധിക്കപ്പെട്ടു. നാലു മദ്ഹബുകളിൽ ഏതെങ്കിലുമൊന്നിനെ അനുകരിക്കൽ വിശ്വാസിയുടെ അനിവാര്യ ബാധ്യതയായി വിധിക്കപ്പെട്ടു. ഖുർആന്റെയും സുന്നതിന്റെയും സ്ഥാനത്ത് കർമശാസ്ത്ര ആചാര്യന്മാരുടെ വീക്ഷണങ്ങളും വചനങ്ങളുമായിത്തീർന്നു മുഖ്യ പ്രമാണങ്ങൾ. ഇസ്ലാമിക നിയമങ്ങൾ സാഹചര്യങ്ങൾക്കു നിരക്കാത്തതും അപ്രായോഗികവുമായിത്തീരുകയായിരുന്നു അതിന്റെ ഫലം. ക്രമേണ മുസ്‌ലിം ജീവിതത്തിന്റെ വൈജ്ഞാനിക- സാമ്പത്തിക തലങ്ങളഖിലം ഇസ്ലാമിക ദർശനത്തിൽനിന്ന് വ്യതിചലിച്ചു. മുസ്‌ലിം സമൂഹം ഒരു ആചാര മത സമൂഹമായി മാറി.

14-16 നൂറ്റാണ്ടുകളിലുണ്ടായ നവോത്ഥാനത്തോടെ സാമ്രാജ്യ ശക്തികളായി ഉയർന്നുവന്ന യൂറോപ്യൻ രാജ്യങ്ങൾക്ക് എല്ലാ തലങ്ങളിലും അധഃസ്ഥിതമായിക്കഴിഞ്ഞിരുന്ന മുസ്‌ലിം സമൂഹത്തെ ഭൗതികമായും വൈജ്ഞാനികമായും കീഴടക്കാൻ എളുപ്പത്തിൽ സാധിച്ചു. മുസ്‌ലിം സമൂഹത്തെ പാശ്ചാത്യ സംസ്കാരവും അവരുടെ കേവല ഭൗതിക ദർശനങ്ങളും നന്നായി സ്വാധീനിച്ചു. മതത്തെ പൊതു ജീവിതത്തിൽനിന്ന് നിരാകരിച്ചതുകൊണ്ടാണ് യൂറോപ്പ് പുരോഗമിച്ചതെന്നും അതുകൊണ്ട് പൗരസ്ത്യ രാജ്യങ്ങൾക്കും വികസിക്കുവാനുള്ള ഏക മാർഗം മത നിരാസമാണെന്നും പ്രചരിപ്പിക്കപ്പെട്ടു. എല്ലാ ഇസ്ലാം വിരുദ്ധ പാശ്ചാത്യ ദർശനങ്ങൾക്കും മുസ്‌ലിംലോകത്ത് വക്താക്കളും പ്രയോക്താക്കളുമുണ്ടായി. മതം പൊതു ജീവിതത്തിൽനിന്ന് അകറ്റിനിർത്തപ്പെടണമെന്നു വാദിക്കുന്നവർ കൊളോണിയൽ ശക്തികളുടെ സഹായത്തോടെ മിക്ക രാജ്യങ്ങളിലും അധികാരത്തിൽ വന്നു. മുസ്‌ലിം ലോകത്തെ പല രാജ്യങ്ങളും ഇന്ന് സ്വതന്ത്ര പരമാധികാര രാജ്യങ്ങളായി അറിയപ്പെടു

ന്നുണ്ടെങ്കിലും സാമ്രാജ്യത്വ ശക്തികളുടെ താൽപര്യങ്ങൾക്കപ്പുറം പോകാൻ കഴിയുന്നവയുടെ എണ്ണം വിരളമാണ്. അമേരിക്കയുടെയും യൂറോപ്പിന്റെയും താൽപര്യങ്ങളുമായി ഇടയാത്ത വിഷയങ്ങളിൽ പരിമിതമാകുന്നു അവരുടെ പരമാധികാരം.

ഇപ്പറഞ്ഞ അധഃസ്ഥിതികളും അടിച്ചമർത്തലുകളുമൊക്കെ ഉള്ളതോടൊപ്പം തന്നെ ഭാവിയെ സംബന്ധിച്ച പ്രത്യാശാ നിർഭരമായ ഒരു വശവും നിലനില്ക്കുന്നുണ്ട്. ഇസ്‌ലാമിന്റെ ആഗോള തലത്തിലുള്ള സ്വയം പ്രചാരണമാണ് അതിൽ മുഖ്യമായത്. മറ്റൊന്ന് മുസ്‌ലിം രാജ്യങ്ങളിൽ നടക്കുന്ന രാഷ്ട്രീയ ചലനങ്ങളാണ്. ഇറാനിൽ നടന്ന ഇസ്‌ലാമിക വിപ്ലവം അതിൽ പ്രധാനമാണ്. മുതലാളിത്തത്തെയും കമ്യൂണിസത്തെയും തള്ളിക്കളഞ്ഞ് ഇസ്‌ലാമിക സാമൂഹികക്രമവും ഭരണരീതിയും അംഗീകരിച്ച ഗവൺമെന്റാണ് ഇപ്പോൾ ഇറാൻ ഭരിക്കുന്നത്. രണ്ടു ദശകക്കാലത്തോളമായി മുതലാളിത്ത രാജ്യങ്ങളുടെ കടുത്ത എതിർപ്പുകളോടും ഉപരോധങ്ങളോടും മല്ലിട്ടുകൊണ്ട് മുന്നോട്ടു പോകുന്ന ഇറാൻ ഇസ്‌ലാമിക് റിപ്പബ്ലിക് ലോകമെങ്ങുമുള്ള ഇസ്‌ലാമിക ചലനങ്ങൾക്ക് ആവേശം പകർന്നിട്ടുണ്ട്. പടിഞ്ഞാറിന്റെ എതിർപ്പു വകവയ്ക്കാതെ ഇസ്‌ലാമിക സാമൂഹിക നീതി അംഗീകരിച്ച മറ്റൊരു രാജ്യമാണ് സുഡാൻ. വമ്പിച്ച പ്രതീക്ഷകളുണർത്തിയെങ്കിലും ഇപ്പോൾ അവിടെ നടക്കുന്ന അധികാര വടംവലി സുഡാന്റെ ഇസ്‌ലാമികവൽക്കരണത്തിനു മങ്ങലേല്പിച്ചിരിക്കുന്നു. ഇസ്‌ലാം കാലോചിതമായ ഒരു പ്രത്യയ ശാസ്ത്രമാണെന്നു ലോകത്തെ ബോധ്യപ്പെടുത്താൻ ഈ രണ്ടു രാജ്യങ്ങൾക്കും കഴിഞ്ഞിരിക്കുന്നു- ഇസ്‌ലാം വിരുദ്ധ ശക്തികൾ അതംഗീകരിക്കില്ലെങ്കിലും.

ഇസ്‌ലാമിക നവോത്ഥാന സംരംഭങ്ങളെ തീവ്രവാദമെന്ന് പറഞ്ഞു തള്ളിപ്പറയുകയും അടിച്ചമർത്തുകയും ചെയ്യുമ്പോൾ തന്നെ അവ ഉയർത്തിപ്പിടിക്കുന്ന ആശയങ്ങളെ കുറച്ചൊക്കെ അംഗീകരിക്കാൻ മുസ്‌ലിം സർക്കാറുകൾ നിർബന്ധിതരായിക്കൊണ്ടിരിക്കുന്നു എന്നതും ശ്രദ്ധേയമാകുന്നു. കുവൈതിലും സുഊദി അറേബ്യയിലും അടുത്ത കാലത്തായി പരിമിതമായ തോതിലുള്ള ശൂറാ സമ്പ്രദായം അംഗീകരിക്കപ്പെട്ടിരിക്കുന്നു. കുവൈതിൽ അത് കുറേയൊക്കെ പാർലമെന്ററി ജനാധിപത്യത്തിന്റെ സ്വഭാവം സ്വീകരിച്ചിട്ടുണ്ട്. ഈജിപ്ത്, ജോർദാൻ തുടങ്ങിയ രാജ്യങ്ങളിലെ സർക്കാറുകളിലും ഇസ്‌ലാമിസ്റ്റുകൾ ക്രിയാത്മകമായ സ്വാധീനം ചെലുത്തുന്നുണ്ട്. മലേഷ്യ, പാകിസ്താൻ തുടങ്ങിയ രാജ്യങ്ങളിലും ഇസ്‌ലാമിസ്റ്റുകൾക്ക് അവഗണിക്കാനാവാത്ത രാഷ്ട്രീയ സ്വാധീനമുണ്ട്. ഇതൊക്കെയും സാമ്രാജ്യത്വ ശക്തികളുടെയും അനിസ്‌ലാമിക പ്രത്യയ ശാസ്ത്രങ്ങളുടെയും ആധിപത്യത്തിൽനിന്ന് മോചനം നേടാൻ മുസ്‌ലിം സമൂഹം നടത്തിക്കൊണ്ടിരിക്കുന്ന ക്രിയാത്മക ശ്രമങ്ങളുടെ ഭാഗമാണ്. ഇന്നല്ലെങ്കിൽ നാളെ ഇസ്‌ലാമിക പ്രത്യയശാസ്ത്രം അതിന്റെ മണ്ണിലെങ്കിലും നിർണായക ശക്തിയാകുമെന്നു തന്നെയാണ് കരുതേണ്ടത്.

നവോത്ഥാന രംഗത്ത് നടന്നുവരുന്ന വൈജ്ഞാനിക പ്രവർത്തനങ്ങൾ പ്രതീക്ഷക്ക് ആക്കം കൂട്ടുന്നു. ആറേഴു നൂറ്റാണ്ടുകൾക്കു മുമ്പ് നിലച്ചുപോയ ഇജ്തിഹാദും സൈദ്ധാന്തിക ചിന്തകളും ഇന്ന് സജീവമായിരിക്കുന്നു. ലോക ഇസ്‌ലാമിക പണ്ഡിതന്മാർ ഒത്തുചേർന്ന് വിവിധ വിഷയങ്ങളെക്കുറിച്ചുള്ള സെമിനാറുകളും ചർച്ചകളും ധാരാളം നടക്കുന്നുണ്ട്. ആധുനിക സാഹചര്യങ്ങളുടെ വെളിച്ചത്തിൽ ഇസ്‌ലാമിനെ വിലയിരുത്തുന്ന നിരവധി ഗ്രന്ഥങ്ങൾ കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ ലോകമെങ്ങും പ്രചരിച്ചിട്ടുണ്ട്. രാഷ്ട്രതന്ത്രം, സാമ്പത്തികശാസ്ത്രം എന്നീ വിഷയങ്ങളിലുള്ള ആധുനിക ഇസ്‌ലാമിക പഠനങ്ങൾ ഇസ്‌ലാമിനെ മുതലാളിത്തത്തെക്കാളും കമ്യൂണിസത്തെക്കാളും ഉത്തമമായ ഒരു ബദൽ വ്യവസ്ഥയായി അവതരിപ്പിക്കുന്നതിൽ ഒട്ടൊക്കെ വിജയിച്ചിരിക്കുന്നു. മറുവശത്ത് പുതിയ കാഴ്ചപ്പാടുകളനുസരിച്ചുള്ള പ്രായോഗിക പരീക്ഷണങ്ങളും വിജയകരമായി അരങ്ങേറിക്കൊണ്ടിരിക്കുന്നു. ഇറാനിലെയും സുഡാനിലെയും ഭരണകൂടങ്ങൾ തന്നെ അതിനുദാഹരണമാണ്. ഇസ്‌ലാമിക് ഡവലപ്മെന്റ് ബാങ്കും പലിശരഹിത ബാങ്കിംഗ് സമ്പ്രദായവുമാണ് സാമ്പത്തിക രംഗത്തെ മുഖ്യ പരീക്ഷണങ്ങൾ. പലിശാധിഷ്ഠിത ബാങ്കുകളെ കവച്ചുവയ്ക്കുന്ന വളർച്ചയാണ് പല പലിശ രഹിത ബാങ്കുകളും നേടിയിട്ടുള്ളത്.

മുസ്‌ലിം സമുദായത്തിന്റെ മതസങ്കല്പം അതിന്റെ യഥാർഥ ചൈതന്യം വീണ്ടെടുക്കുന്നതിന്റെ ലക്ഷണങ്ങളാണ് ഇതെല്ലാം. വിശുദ്ധ ഖുർആൻ പ്രചോദിപ്പിക്കുന്ന സവിശേഷമായ സാംസ്കാരികാനുഭൂതിയും ജീവിത വീക്ഷണവും രാഷ്ട്രീയ ബോധവുമാണവരിൽ ഉണർന്നു വരുന്നത്. ആധുനിക വിദ്യാഭ്യാസത്തിലും സാമ്പത്തിക പ്രവർത്തനത്തിലും പുതുതായി മുസ്‌ലിം സമുദായത്തിലെങ്ങും വളർന്നുകൊണ്ടിരിക്കുന്ന ആഭിമുഖ്യം ഈ ഉണർവിനു ശക്തി പകരുകയാണ്. ഗൾഫു നാടുകളിലെ പലിശ രഹിത ബാങ്കുകൾ മുതൽ കോഴിക്കോട്ടെയും പാരീസിലെയും ന്യൂയോർക്കിലെയും മുസ്‌ലിം വനിതകളുടെ പർദകൾ വരെ ചൂണ്ടിക്കാണിക്കുന്നത് അതാണ്. ഇസ്‌ലാമിന്റെ വർധിച്ചുവരുന്ന  ഈ ശക്തിയെപ്പറ്റി പാശ്ചാത്യ ശക്തികൾ ഏറെ ബോധവാന്മാരാണ്. സോഷ്യലിസ്റ്റ് സാമ്രാജ്യത്വത്തിന്റെ പതനത്തിന് ശേഷം മുതലാളിത്ത ശക്തികൾ ഏറ്റവും ഭയപ്പെടുന്നത് ഇസ്‌ലാമിനെയാണ്. 'വരും നൂറ്റാണ്ടിൽ പാശ്ചാത്യ നാഗരികതക്ക് നേരിടേണ്ടി വരുന്ന ഏറ്റവും വലിയ വെല്ലുവിളി ഇസ്‌ലാമിന്റെ ഭാഗത്തുനിന്നായിരിക്കു'മെന്ന സാമുവൽ ഹണ്ടിംഗ്ടന്റെ പ്രസിദ്ധമായ തിസീസും അതിന് പാശ്ചാത്യലോകത്ത് ലഭിച്ച വിപുലമായ അംഗീകാരവും ഈ പാശ്ചാത്യൻ ഭയത്തിന്റെ തെളിഞ്ഞ ദൃഷ്ടാന്തമാകുന്നു.